നം.എ2-339/2019/താ.ആ.ഫോ.

താലൂക്ക് ആശുപത്രി ഫോർട്ട്
തിരുവനന്തപുരം, തീയതി.28.02.2019.

## ക്വട്ടേഷൻ നോട്ടീസ്

തിരുവനന്തപുരം ഫോർട്ട് താലൂക്കാശുപത്രിയിലെ മെഡിക്കൽ ഗ്യാസ് യൂണിറ്റിന് ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് നൽകുന്നതിനുള്ള മുദ്ര വച്ച ക്വട്ടേഷനുകൾ (ജിഎസ്.റ്റി. ഉൾപ്പെടെ) അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ക്ഷണിച്ചുകൊള്ളുന്നു.

ക്വട്ടേഷനുകൾ ലഭിക്കേണ്ടുന്ന അവസാന തീയതി 20.03.2019 ബുധനാഴ്ച ഉച്ചയ്ക്ക് 1 മണി വരെയാണ്. അന്നേദിവസം പകൽ 2 മണിയ്ക്ക് ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ള വ്യക്തികളുടെയോ, അവർ നിർദ്ദേശിക്കുന്ന വ്യക്തികളുടെയോ സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതും, ഏറ്റവും കുറഞ്ഞ നിരക്ക് നൽകിയിരിക്കുന്ന വ്യക്തികളുടേയോ, സ്ഥാപനങ്ങളുടേയോ ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതുമായിരിക്കും. എ.എം.സി. തുക ആറു മാസം വീതമുള്ള രണ്ട് ഗഡുക്കളായി മാത്രമേ വിതരണം ചെയ്യുകയുള്ളൂ. ആശുപത്രിയിൽ നിന്നും ആവശ്യപ്പെടുന്ന സമയങ്ങളിൽ ഗ്യാസ് യൂണിറ്റ് പരിശോധിക്കേണ്ടതും കൂടാതെ എല്ലാ മാസവും മെഡിക്കൽ ഗ്യാസ് യൂണിറ്റ് പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതുമാണ്.

എന്തെങ്കിലും കാരണത്താൽ ക്വട്ടേഷൻ റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.

കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയത്ത് ഈ ആഫീസിൽ നിന്നും അറിയാവുന്നതാണ്.

ഡോ.അജയ് മോഹൻ.ജി.
സൂപ്രണ്ട്

TALUK HOSPITAL FORT THIRUVANANTHAPURAM

നോട്ടീസ് ബോർഡ്

പകർപ്പ്

1. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്,തിരുവനന്തപുരം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
2. ജില്ലാമെഡിക്കൽ ആഫീസർ (ആരോഗ്യം) തിരുവനന്തപുരം.
3. സൂപ്രണ്ട് ആഫീസ്,
   സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തൈയ്ക്കാട്,തിരുവനന്തപുരം
4. സൂപ്രണ്ട്, ജനറലാശുപത്രി-തിരുവനന്തപുരം
5 സൂപ്രണ്ട്, ജില്ലാ മാതൃകാ ആശുപത്രി പേരൂർക്കട.
6. ഫയൽ/കരുതൽ ഫയൽ.